# പിതാവ്, പുത്രൻ,പരിശുദ്ധാത്മാവ് എന്നീ നാമങ്ങളിൽ എന്തുകൊണ്ട് സ്നാനപ്പെടണം

"ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" മത്താ 28 : 19

പുതിയ നിയമസഭക്ക് ജലസ്നാനം വേദപുസ്തകം കല്പിക്കുന്നു. ഈ ഉപദേശം പഠിപ്പിച്ച് അനുസരിക്കേണ്ടത് നമ്മുടെ ചുമതലയാകുന്നു. നാം ജീവിച്ചിരിക്കുമ്പോഴുള്ള പ്രവൃത്തിക്ക് ഒരു ദിവസം നാം കണക്ക് ബോധിപ്പിക്കേണ്ടവരാകുന്നു. ദൈവ വചനം നമുക്കുള്ളതിനാൽ അജ്ഞത അന്നാളിൽ സ്വീകാര്യമായ ക്ഷമാപണം ആയിരിക്കുകയില്ല.

## ജലസ്നാനത്തിന്റെ ആവശ്യകത

പുതിയ നിയമത്തിലെ രക്ഷയുടെ അനുഭവത്തിന്റെ ഒരു ഭാഗമായി ജലസ്നാനം ആവശ്യമാണോ? ജനങ്ങൾക്ക് ജലസ്നാനത്തെക്കുറിച്ച് വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങളുണ്ട്, മറ്റുള്ളവർ ചിന്തിക്കുന്നതിൽ നമുക്ക് ആശ്രയിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ നിർദ്ദേശങ്ങളുടെ ഉറവിടം എന്ന നിലയിൽ സത്യത്തെ അറിയുകയും ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്യുവാനുള്ള സുനിശ്ചിതമായ മാർഗ്ഗം വേദപുസ്തകത്തിൽ ആശ്രയിക്കുക എന്നുള്ളതാണ്. യോഹ 3 : 5 -ൽ ജലസ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് ആന്തരീക ഉൾകാഴ്ച നൽകിയിട്ടുണ്ട്. യേശു ഉത്തരം പറഞ്ഞത് ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ലായെന്നാണ്. ആ സന്ദർഭത്തിലുള്ള പ്രസ്താവനകളും തുടർന്നുള്ള പുതിയ നിയമ സഭയിലെ പ്രായോഗികതകളും സൂചിപ്പിക്കുന്നത് ജലസ്നാനത്തേയും പരിശുദ്ധാത്മ സ്നാനത്തേയും കുറിച്ചാകുന്നു.

മത്താ 28:19 - ൽ അപ്പോസ്തോലന്മാർക്കും നമുക്കും നേരിട്ട് നൽകിയ കല്പന പോകുന്നതിനും പഠിപ്പിക്കുന്നതിനും സ്നാനപ്പെടുത്തുന്നതിനും ആകുന്നു. സ്നാനം ഒരു പ്രധാന ആവശ്യമാണെന്ന് യേശു കല്പിച്ചു.

## പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ പേരിൽ സ്നാനപ്പെടുത്തുവാൻ യേശു കല്പിച്ചു. അഥവാ അവൻ നമ്മോട് പറഞ്ഞത് നാമത്തിൽ സ്നാനപ്പെടുത്തുവാൻ. നാമം എന്ന വാക്ക് ഏകവചനമാണ്. ദൈവത്തിന്റെ വീണ്ടെടുപ്പും പ്രവർത്തിയും ഈ ഏകവചനത്തിൽ ദൈവം വെളിപ്പെടുത്തുന്നു.

## എന്താണ് ഈ നാമം?

ദൈവപുത്രന് നൽകിയിരിക്കുന്ന പേര് യേശു എന്നാകുന്നു. "അവൾ ഒരു മകനെ പ്രസവിക്കും അവന് നീ യേശു എന്ന് പേർ വിളിക്കേണം. അവൻ തന്റെ ജനത്തെ പാപങ്ങളിൽ നിന്നും രക്ഷിക്കും" മത്താ 1:21

യേശുക്രിസ്തു യഥാർത്ഥമായ ഒരു മനുഷ്യൻ ആയിരുന്നു. കന്യകയുടെ ഉദരത്തിൽ ദൈവാത്മാവിന്റെ അത്ഭുതകരമായ പ്രവർത്തിയാൽ ജനിച്ചവൻ

ആയിരുന്നു. ഇപ്രകാരം അവൻ അക്ഷരികമായി ദൈവ പുത്രൻ ആയിരുന്നു (ലൂക്കോ 1:35). അവൻ മനുഷ്യനേക്കാൾ ഉന്നതൻ, അവൻ യഥാർത്ഥത്തിൽ ജഡത്തിൽ വെളിപ്പെട്ട ദൈവം ആയിരുന്നു. കോലോ 2:9 ; 1 തിമൊ 3:16 : അവൻ അദൃശ്യനായ ദൈവത്തിന്റെ കാണപ്പെട്ട രൂപം ആയിരുന്നു. (കൊലോ 1:15)

യേശു തുടർന്നും പ്രസ്താവിച്ചു - ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നാൽ നിങ്ങൾ എന്നെ കൈക്കൊള്ളുന്നില്ല. ഒരുവൻ അവന്റെ സ്വന്ത നാമത്തിൽ വന്നാൽ നിങ്ങൾ അവനെ കൈക്കൊള്ളുന്നു യോഹ 5:43. അഥവാ നാം പിതാവിനെ അറിയുന്നത് യേശുവിന്റെ നാമതത്തിൽ കൂടെയാകുന്നു. യഥാർത്ഥമായ അദൃശ്യ ദൈവം ആയ പിതാവ് തന്റെ നാമം തന്റെ മകന് നൽകി അങ്ങനെ പുത്രൻ ദൈവത്തിന്റെ നാമത്തിന് അവകാശിയായിത്തീർന്നു. (എബ്രാ 1:4)

യേശു എന്ന പേരിന്റെ അർത്ഥം "യഹോവ രക്ഷിതാവ്". പഴയ നിയമത്തിൽ യിസ്രായേൽ മക്കൾക്ക് യഹോവായ അതുല്യനായ ദൈവം സ്വയം വെളിപ്പെടുത്തി. പഴയനിയമത്തിലെ ഏകദൈവം നമ്മുടെ രക്ഷിതാവായി ജഡത്തിൽ വന്നു.

## പരിശുദ്ധാത്മാവിനെക്കുറിച്ച് നാം എന്തു മനസ്സിലാക്കുന്നു ?

ദൈവത്തിന്റെ ആത്മീയ പ്രവർത്തനത്തിൽ പ്രതിഫലിക്കുന്ന ശക്തിയെ വെളിപ്പെടുത്തുന്ന നാമം ഏതാണ്? എന്നാൽ പരിശുദ്ധാത്മാവായ "ആശ്വാസപ്രദനെ" എന്റെ നാമത്തിൽ എന്റെ പിതാവ് അയക്കും അവൻ നിങ്ങളെ സകലതും ഉപദേശിക്കയും ഞാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്ന സകലവും നിങ്ങൾക്ക് ഓർമ്മപ്പെടുത്തുകയും ചെയ്യും യോഹ 14:26. അല്ലെങ്കിൽ



യേശുക്രിസ്തുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവ് നമ്മുടെ മേൽ വരുന്നു. ഒരു പ്രത്യേക വ്യക്തി ആയി പരിശുദ്ധാത്മാവ് നമ്മുടെ മേൽ വരുന്നില്ല. യേശുവിന്റെ ആത്മാവായിട്ടത്രേ. യേശുക്രിസ്തു ആത്മീയമായി നമ്മിൽ വസിക്കുന്നു (യോഹ 14 : 16-18, കൊലോ 1 : 27)

ചുരുക്കത്തിൽ ദൈവത്തെ വെളിപ്പെടുത്തുന്ന പരമോന്നത നാമം നാം അറിയുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - യേശു ആകുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ നാം മുഴുകിയിരിക്കുമ്പോൾ മത്തായി 28:19 ലെ ഉപദേശം നിറവേറുന്നു.

## യേശുക്രിസ്തുവിൻ നാമത്തിന്റെ പ്രാധാന്യം

യേശു എന്ന നാമത്തിന് ഏറ്റവും ഉന്നതമായ തിരുവെഴുത്തിലെ അനേകം പ്രസ്താവനകൾ പ്രാധാന്യം നൽകുന്നു.

1. മറ്റൊരുത്തനിലും രക്ഷയില്ല. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. (അപ്പോ.പ്രവൃ. 4 : 12)

2. യെരുശലേമിൽ തുടങ്ങി അവന്റെ നാമത്തിൽ അനുതാപവും പാപക്ഷമയും പ്രസംഗിക്കപ്പെടേണം എന്നുള്ളതാകുന്നു. (ലൂക്കോ. 24:27)

3. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സക്ഷ്യം പറയുന്നു. (അപ്പോ.പ്രവൃ. 10:43 )

4. അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിന് ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു. (എബ്രാ. 1:4)

5. യേശുവിന്റെ നാമത്തിൽ സ്വർലോകരുടേയും ഭൂലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടി വരും. (ഫിലി. 2:9-11)

6. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ. (കൊലോ 3:17)

## ആദ്യ സഭ പാലിച്ചത്

മത്തായി 28:19 - ൽ പറയുന്ന യേശുക്രിസ്തുവിന്റെ കല്പനയെ അപ്പോസ്തോലന്മാർ എങ്ങനെ അനുസരിച്ചു ?

പെന്തക്കോസ്തു നാളിൽ പാപികൾ ചോദിച്ചു, സഹോദരന്മാരായ പുരുഷന്മാരേ-ഞങ്ങൾ എന്തു ചെയ്യേണം? (അപ്പോ.പ്രവൃ. 2:37) അപ്പോസ്തോലനായ പത്രോസ് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പോ.പ്രവൃ. 2:38)

ശൗൽ എന്ന പൗലൂസ് അനുതപിച്ചു. അനന്യാസ് അവനെ ഉപദേശിച്ചു. "ഇനി എന്തിന് താമസിക്കുന്നു? കർത്താവിന്റെ നാമത്തിൽ വിളിച്ചപേക്ഷിച്ച് സ്നാനപ്പെട്ട് പാപങ്ങളെ കഴുകുക" ഏതാണ് കർത്താവിന്റെ നാമം? പൗലൂസ് യേശുവിനോട് ചോദിച്ചു. "നീ ആരാകുന്നു കർത്താവേ"? കർത്താവ് പറഞ്ഞു. നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ (അപ്പോ. പ്രവൃ. 9:5) പൗലോസ് പിന്നീട് എഴുതി, പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്ന് ആർക്കും പറവാൻ കഴിയുകയില്ല എന്ന് ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു. (1 കൊരി. 12:3)

യേശു കർത്താവാകുന്നുവെന്ന് പൗലോസിന് വെളിപ്പെടുത്തി. അവൻ പഴയ നിയമത്തിലെ ദൈവമായ കർത്താവ് ആണെന്ന് അറിഞ്ഞിരുന്നു. എന്നാൽ പുതിയ നിയമത്തിലെ യേശുവിനെ സേവിച്ചില്ല.



എന്നാൽ പിന്നീട് അവൻ പഠിച്ചത് പുതിയ നിയമത്തിലെ യേശു പഴയ നിയമത്തിലെ കർത്താവാണെന്നായിരുന്നു.

ഫിലിപ്പോസ് ശമര്യയിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ വിശ്വസിച്ചവരെ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തി (അപ്പോ.8:16)

ജാതികളുടെ കൂട്ടം പരിശുദ്ധാത്മാവ് പ്രാപിച്ചതും അന്യഭാഷകളിൽ സംസാരിക്കുന്നതും കണ്ട പത്രോസിനോട് കൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പറഞ്ഞു. നമ്മെപ്പോലെ പരിശുദ്ധാത്മാവ് പ്രാപിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതെവണ്ണം വെള്ളം വിലക്കുവാൻ ആർക്ക് കഴിയും. പത്രോസ് അവരെ യേശുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ കല്പിച്ചു (അപ്പോ : പ്ര : 10: 47 - 48)

പൗലോസ് എഫെസോസിൽ വച്ച് യോഹന്നാന്റെ ശിഷ്യന്മാരെ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തി. ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്ന് അവൻ അവരോട് ചോദിച്ചതിന് യോഹന്നാന്റെ സ്നാനം എന്ന് അവർ പറഞ്ഞു. അതിന് പൗലോസ് യോഹന്നാൻ മാനസാന്തര സ്നാനമത്രേ കഴിപ്പിച്ചത്. തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കണം എന്ന് ജനത്തോട് പറഞ്ഞു എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു (അപ്പോ 19 : 3 - 5)

മത്തായി 28:19 ലെ കല്പന

ആദ്യ സഭ, യഹൂദർ, ശമര്യർ, യവനർ എന്നിവരെ സ്നാനപ്പെടുത്തിയത് യേശുവിൻ നാമത്തിൽ ആയിരുന്നു. ഇത് മത്താ 28: 19 പ്രകാരം എങ്ങനെയോജിക്കുന്നു. നാമത്തിൽ എന്നത് ഏക വചനത്തിൽ എഴുതിയിരിക്കുന്നു. നാമങ്ങളിൽ എന്നല്ല. അതിനാൽ യേശുവിന്റെ നാമം എന്നർത്ഥം ആയതിനാൽ അപ്പോസ്തലന്മാർ ഈ കല്പന വ്യക്തമായി മനസിലാക്കുകയും അത് നിവർത്തിക്കുകയും ചെയ്തു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിത്യജീവൻ പ്രാപിക്കും എന്ന് വേദപുസ്തകം പറയുന്നില്ല. ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടെന്നാണ് (യോഹ 20:31)

മൂന്നുപേരിൽ സ്നാനപ്പെട്ടുവെന്ന് വേദപുസ്തകം പറയുന്നില്ല. നാം യേശുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നു. (റോമർ 6:3, 4) സ്നാനത്താൽ നാം അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെയിടയിൽ നിന്നും ഉയർത്തെഴുന്നേൽപിച്ച ദൈവത്തിന്റെ വ്യാപാരശക്തികളെ വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു. (കൊലോ 2 :12)

ദൈവത്തിന്റെ രക്ഷണ്യ പ്രവൃത്തിയിൽ യേശുവിന്റെ നാമം പരിപൂർണ്ണമായി മുഴുകിയിരിക്കുന്നു. അത് വീണ്ടെടുപ്പിൽ പ്രവർത്തനം, പിതാവാണെന്നുള്ള ബന്ധം, പുത്രൻ, ജഡത്തിൽ ആയത്, പരിശുദ്ധാത്മാവ് ദൈവത്തിന്റെ പ്രവർത്തനം തുടരുന്ന നിലയിൽ നാം ദർശിക്കുന്നു. അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. (കൊലോ 2: 9, 10)

## ഉപസംഹാരം

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പുള്ള മത്താ 28:19 ലെ സ്നാനത്തിനായുള്ള കല്പന അപ്പോസ്തലന്മാർക്ക് നൽകി. ലൂക്കാ 24:45 പ്രകാരം യേശു അവരുടെ അറിവിനെ പ്രകാശിപ്പിച്ചു. അവന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് അല്പം നാളുകൾക്ക് ശേഷം പെന്തക്കോസ്തു നാളിൽ 120 ശിഷ്യന്മാരെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തി. ഈ സന്ദർഭത്തിൽ അപ്പോസ്തലന്മാർ ജനത്തോട് പ്രഖ്യാപിച്ചത് ഓരോരുത്തരും യേശുവിന്റെ നാമത്തിൽ സ്നാനപ്പെടണം എന്നായിരുന്നു.



അപ്പോസ്തലന്മാർ ധരിച്ചിരുന്നത് പിതാവ് പുത്ര പരിശുദ്ധാത്മാവിന്റെ വീണ്ടെടുപ്പിൻ പ്രവർത്തനത്തിന്റെ നാമം യേശു എന്നായിരുന്നു. എന്നാൽ ഈ പദങ്ങളുടെ പ്രാധാന്യം അവരെ തട്ടിയുണർത്തിക്കൊണ്ടിരുന്നു. പുതിയ നിയമത്തിലെ മറ്റു സുവിശേഷകന്മാരായ ഫിലിപ്പോസ്, അന്ന്യാസ്, പൗലൂസ് സ്നാനത്തിന്റെ ഇതേ തത്വം പ്രാവർത്തികമാക്കിയിരുന്നു.

ദൈവ വചനം പരസ്പര വിരുദ്ധമല്ല. പിതാവ് പുത്ര പരിശുദ്ധാത്മാവിന്റെ നാമത്തിൽ സ്നാനപ്പെടുന്നതിനർത്ഥം യേശുവിൻ നാമത്തിൽ സ്നാനപ്പെടുക എന്നുള്ളതാകുന്നു.

******************

***Tract കൾ ആവശ്യപ്പെടേണ്ട വിലാസം***

Sayadi-al-nas.ae

صيادي الناس

**പ്രാദേശിക സഭയിൽ അംഗമാകുകയും ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്ന് മനസ്സിലാക്കി വിശ്വസിക്കുകയും പഠിക്കുകയും മാത്രമല്ല ബൈബിൾ സത്യം മറ്റുള്ളവരോട് അറിയിക്കുകയും ചെയ്യുക.**